# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3430

22.08.2017-ൽ മറുപടിക്ക്

## ക്രൈംബ്രാഞ്ച് അന്വേഷണം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | ശ്രീ. ടോണി മാത്യു കോതമംഗലം തട്ടേക്കാട് വനത്തിൽ വച്ച് വെടിയേറ്റ് മരിച്ച സംഭവത്തിലുള്ള അന്വേഷണം എന്തായി എന്ന് വിശദീകരിക്കാമോ; | (എ) ശ്രീ. ടോണി മാത്യു കോതമംഗലം തട്ടേക്കാട് വനത്തിൽ വച്ച് വെടിയേറ്റ് മരിച്ച സംഭവവുമായി ബന്ധപ്പെട്ട് കുട്ടമ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 10/17ആയി രജിസ്റ്റർ ചെയ്ത കേസ്സ് മൂവാറ്റുപുഴ ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത സംഭവം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മരണപ്പെട്ട ടോണി മാത്യുവിന്റെ പിതാവ് അപേക്ഷ നല്കിയിട്ടുണ്ടോ; | (ബി) പരാതി നൽകിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) പ്രസ്തുത പരാതിയിന്മേൽ ക്രൈംബ്രാഞ്ചിന്റെ HHW-II എറണാകുളം യൂണിറ്റിൽ അന്വേഷണം നടത്തിയിട്ടുള്ളതും, ടോണി മാത്യു മരണപ്പെട്ടതിലേയ്ക്ക് കുട്ടമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 10/17 കേസ്സിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറേയും ബാലിസ്റ്റിക് പരിശോധന നടത്തിയ വിദഗ്ധനേയും കണ്ട് ചോദിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും നായാട്ട് സംഘത്തിലുണ്ടായിരുന്നവരുടെ സംഭവ ദിവസങ്ങളിലെ CDR പരിശോധിക്കുന്നതിനും, സംഘത്തിലുണ്ടായിരുന്ന ഷൈറ്റും, മരണപ്പെട്ട ടോണിയും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലെ അന്വേഷണ ഉദ്യോഗസ്ഥനായ മൂവാറ്റുപുഴ ഡി.വൈ.എസ്.പി.യ്ക്ക് നൽകുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി. |

Deepa

സെക്ഷൻ ഓഫീസർ